# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1098 04/12/2014-ലെ മറുപടിക്ക്

### പ്ലസ് വൺ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതു സംബന്ധിച്ച്

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു | | ഉത്തരം<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പ്ലസ് വൺ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതു സംബന്ധിച്ച് 2013 ജൂണിൽ സർക്കാർ പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ; | (എ) | വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി എതെങ്കിലും ജില്ലകളിൽ പ്ലസ് വൺ ബാച്ചുകളോ സ്കൂളുകളോ അനുവദിക്കുകയുണ്ടായോ; എങ്കിൽ എത്ര സ്കൂളുകൾ; എത്ര ബാച്ചുകൾ; വിശദമാക്കാമോ; | (ബി) & (സി) | പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായും ബഹു.ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ഹയർസെക്കന്ററി സ്കൂളുകളും ബാച്ചുകളും അനുവദിച്ച് 24.11.2014-ലെ സ.ഉ(കൈ) നം.247/14/പൊവി പ്രകാരം ഉത്തരവായിട്ടുണ്ട്. സ്കൂളുകളും ബാച്ചുകളും സംബന്ധിച്ച വിവരം പ്രസ്തുത സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധം (II) ആയി ചേർക്കുന്നു. അവയിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾ എത്ര വ്യക്തിഗത മാനേജ്മെന്റുകൾ എത്ര എന്ന വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഇപ്രകാരം അനുവദിച്ച ബാച്ചുകളും സ്കൂളുകളും എയ്ഡഡ് ആണോ; സർക്കാരിന്റേതാണോ; എയ്ഡഡ് സ്കൂളുകൾ ഉണ്ടെങ്കിൽ അവ എത്ര; അവയിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾ എത്ര; വ്യക്തിഗത മാനേജ്മെന്റുകൾ എത്ര; വിശദമാക്കാമോ; | | |
| (ഡി) | ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു; പുതുതായി ബാച്ചുകൾ ലഭിച്ച സ്കൂളുകൾക്കെല്ലാം മാനദണ്ഡമനുസരിച്ചുള്ള യോഗ്യതകൾ ഉണ്ടോ; വിശദ വിവരം ലഭ്യമാക്കുമോ; | (ഡി) | മാനദണ്ഡങ്ങൾ അനുബന്ധം - I ൽ പറഞ്ഞിട്ടുള്ള വിജ്ഞാപനത്തിൽ ഉണ്ട്. അനുവദിച്ച സ്കൂളുകൾക്ക് ടി മാനദണ്ഡമനുസരിച്ചുള്ള യോഗ്യതയുണ്ടോയെന്ന വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.**